**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1276**

**02.03.2017-ന് മറുപടിയ്ക്ക്**

# പൊതുവിദ്യാലയങ്ങളുടെ ഉന്നമനം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം

നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ